**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 210** — **30-07-2021 - ൽ മറുപടിയ്ക്ക്**

**ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ശബരിമല വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നടന്ന പ്രവർത്തനങ്ങളുടെ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ശബരിമല വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് അതുമായി ബന്ധപ്പെട്ട് നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ ലേ - ഔട്ട് പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിനെ ചുമതല പ്പെടുത്തിയയിരുന്നു. അതിൻപ്രകാരം തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജ് തയ്യാറാക്കിയ നിലയ്ക്കലിലെ ലേ ഔട്ട് പ്ലാൻ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാൻ പ്രകാരം 2015-16 മുതൽ ശബരിമലയിൽ നടന്നു വരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് 62.73 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. വനം വകുപ്പുമായി നില നില്ക്കുന്ന ഭൂമി സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള വിവിധ യോഗങ്ങളും നടത്തിയിരുന്നു. |
| (ബി) | ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഹൈപവർ കമ്മറ്റികൾ യഥാസമയം ചേരുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഹൈപവർ കമ്മറ്റികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആവശ്യാനുസരണം കൂടിയിട്ടുണ്ട്. |
| (സി) | വകുപ്പുതല യോഗങ്ങളും ഹൈപവർ കമ്മറ്റികളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചേരുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (സി) | വകുപ്പുതല യോഗങ്ങളും ഹൈപവർ കമ്മറ്റികളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആവശ്യാനുസരണം നടത്തിവരുന്നുണ്ട്. ശബരിമല മഹോത്സവത്തിന് മുന്നോടിയായി മന്ത്രി തലത്തിൽ തന്നെ അനവധി യോഗങ്ങൾ നടത്തിക്കഴിഞ്ഞു. |
| (ഡി) | വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി തീർത്ഥാടകർക്ക് മണ്ഡല മഹോത്സവം ആയാസരഹിതമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനും വിശ്രമം, കുടിവെള്ളമുൾപ്പെടെയുള്ള പ്രാഥമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ചികിത്സാസൗകര്യത്തിനും വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കാൻ |

| | | | |
|---|---|---|---|
| | | | ബഹു. ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും ആരോഗ്യം, പൊതുമരാമത്ത്, ടൂറിസം, ഗതാഗതം, ജലവിഭവം തുടങ്ങിയ വകുപ്പുകളുടെയും മന്ത്രിമാരുടെ സാന്നിദ്ധ്യത്തിലും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റിനെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ യോഗങ്ങൾ നടത്തി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ